പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 614 28-10-2011 -ൽ മറുപടിക്ക്.

## ഉദയഭാനു കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. ദാസൻ<br>" എം. ചന്ദ്രൻ<br>" ബി. ഡി. ദേവസ്സി<br>ശ്രീമതി കെ. കെ. ലതിക | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലെ ഇനിയും നടപ്പിലാക്കാത്തതും സർക്കാർ അംഗീകരിക്കുന്നതുമായ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; | (എ) ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലെ താഴെ പറയുന്ന നിർദ്ദേശങ്ങളാണ് ഇനിയും നടപ്പിലാക്കാനുള്ളത്.<br>1. കള്ള് കേട് കൂടാതെ കുപ്പിയിൽ അടച്ച് സൂക്ഷിക്കുന്നതിനുള്ള ഗവേഷണവും, അവ കയറ്റുമതി ചെയ്യുന്നതിനുള്ള അന്വേഷണവും നടത്തുക.<br>2. നീര കോ-ഓപ്പറേറ്റീവ് സ്ഥാപിക്കുക.<br>3. വിദേശ മദ്യത്തിന്റെ വില്പന സമയം വൈകുന്നേരം 5 മുതൽ 9 വരെയാക്കുക.<br>4. പൊതുസ്ഥലത്ത് കുടിച്ചു കൊണ്ടുവരുന്നത് ശിക്ഷാർഹമാക്കുക.<br>5. സർക്കാർ ജീവനക്കാർ കുടുംബ ചിലവുകൾ നടത്താതെ മദ്യപാന ശീലത്തിൽ മുഴുകുകയാണെങ്കിൽ കുടുംബങ്ങളുടെ പരാതിയുടെ അടിസ്ഥാനത്തിൽ ടിയാന്റെ വേതനത്തിൽ നിയന്ത്രണം വരുത്തി കുടുംബത്തിന് നൽകുക.<br>6. മദ്യസംബന്ധമായ കുറ്റത്തിന് ശിക്ഷിക്കപ്പെട്ട ഒരാൾക്ക് ടിയാൻ തിരഞ്ഞെടുക്കപ്പെട്ട സ്ഥാനങ്ങളിൽ വരികയാണെങ്കിൽ ആയത് നഷ്ടമാക്കുക.<br>7. ആൽക്കഹോൾ ടെസ്റ്റർ മോഡൽ ഈ.സി. 408, ഈ.സി. 308 പരിശോധനയ്ക്കായി ഉപയോഗിക്കുക.<br>8. വാഹനം, വാർത്താ വിനിമയം എന്നിവയിൽ അത്യന്താധുനിക സജ്ജീകരണം എക്സൈസിന് നൽകുക.<br>9. കുടിയന്മാരെ വീണ്ടെടുത്തു കൊണ്ടു വരാനുള്ള പ്രത്യേക പരിശീലനം, ഡോക്ടർക്കും കൂടെ പ്രവർത്തിക്കുന്നവർക്കും നൽകുക.<br>10. പൊതുജന സമ്പർക്കത്തിൽ വരുന്ന സർക്കാർ ഉദ്യോഗസ്ഥർ മദ്യവിപത്തിനെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കുക, ടി പ്രവർത്തനങ്ങൾക്ക് ജില്ലാതലം, സ്റ്റേറ്റ് തലം വരെ സമ്മാനം നൽകുക.<br>11. മദ്യപാനം കൊണ്ടുണ്ടാകുന്ന ആപത്തുകളെക്കുറിച്ച് ഗവേഷണം നടത്തുക.<br>12. മദ്യനിരോധനത്തിന്റെ പുരോഗതിയോടു കൂടെ, കഴിവുള്ള കുട്ടികളിൽ നിന്നും ഫീസ് ഈടാക്കിയും, വിനോദ നികുതി വർദ്ധിപ്പിച്ചും പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുക. |
| (ബി) ഇവ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? | (ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ